# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3261** 10.12.2018 -ൽ മറുപടിയ്ക്ക്

## മലയാളത്തിളക്കം പദ്ധതി

**ചോദ്യം**

**ശ്രീ. ചിറ്റയം ഗോപകുമാർ**

ഉത്തരം

പ്രൊഫ : സി.രവീന്ദ്രനാഥ്

(പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | അക്ഷരം അറിഞ്ഞുകൂടാത്ത കുട്ടികളെ പഠിപ്പിക്കുന്ന മലയാളത്തിളക്കം പദ്ധതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | എ) 10-ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും മാതൃഭാഷയിൽ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിന് 'സമഗ്രശിക്ഷ കേരള ' യുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് 'ശ്രദ്ധ' പരിപാടിയുടെ ഭാഗമായി 'മലയാള ത്തിളക്കം' എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ഈ പരിപാടിയിലൂടെ കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നതിന് വായനക്കാർഡുകൾ, ക്ലാസ് ലൈബ്രറി എന്നിവ ഒരുക്കി തുടർ പ്രവർത്തനങ്ങളും സ്കൂളുകളിൽ നടന്നുവരുന്നു. ഒന്നും രണ്ടും ക്ലാസിലെ കുട്ടികൾക്ക് മാതൃഭാഷയിലുള്ള വായനക്കാർഡുകൾ പ്രത്യേകം തയ്യാറാക്കി നൽകുന്നു. |
| ബി) | ഈ പദ്ധതിക്കായി അധിക സമയം കണ്ടെത്തണമെന്ന് നിർദ്ദേശമെങ്കിലും ഫലത്തിൽ സാധാരണ പഠന സമയത്താണ് പദ്ധതി നടക്കുന്നതെന്നും തന്മൂലം മറ്റ് കുട്ടികളുടെ അധ്യയന മണിക്കൂറുകൾ നഷ്ടപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഒരു സബ് ജില്ലയിലെ അക്ഷരം അറിയാത്ത കുട്ടികളെ ഒരുമിച്ചാക്കി ബി.ആർ.സി.കളിൽ നിന്നുള്ള അധ്യാപകരെ വച്ച് പഠിപ്പിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ; | സി) അതത് സ്കൂളുകളിൽവച്ച് അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ചാണ് നിലവിൽ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നത്.ഒരു സബ് ജില്ലയിലെ കുട്ടികളെ ഒരുമിച്ചാക്കി ബി.ആർ.സി.കളിൽ നിന്നുള്ള അദ്ധ്യാപകരെ പരിഗണിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| ഡി) | മലയാളത്തിളക്കം പോലെ ഇംഗ്ലീഷ് വായന / എഴുത്ത് എന്നിവ പരിപോഷിക്കുന്നതിനായി ചെറിയ വാക്കുകളിൽ തുടങ്ങി ആവർത്തിച്ചുറപ്പിച്ച് സ്പെല്ലിംഗ്, റീഡിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിന് വീഡിയോ മൊഡ്യൂളുകൾ ഉൾപ്പെടുത്തി ഒരു പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ഇത്തരം പരിപാടികൾ നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ